**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 165** **16-09-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ആരോഗ്യ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021 ജൂൺ മാസത്തിന് ശേഷം കുണ്ടറ മണ്ഡലത്തിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങൾക്കായി അനുവദിച്ചിട്ടുള്ള സർക്കാർ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 1. കുണ്ടറ താലൂക്ക് ആശുപത്രിയിൽ G.O.(Rt)2964/2018/H&FWD തീയതി 26.09.2018 പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 76.13 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പുതിയ കെട്ടിട നിർമ്മാണം പൂർത്തിയായി.<br><br>2. കുണ്ടറ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനം 2025 ഓഗസ്റ്റ് മാസം നാലാം തീയതി നടന്നു (പ്ലാൻ ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)<br><br>3.എം.എൽ.എ യുടെ ആസ്തി വികസന പദ്ധതി 2022-23 -പ്രകാരമുള്ള തുക 75 ലക്ഷം രൂപ വിനിയോഗിച്ച് 7 ഡയാലിസിസ് മെഷീൻ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നു.<br><br>4. കുണ്ടറ താലൂക്ക് ആശുപത്രിയിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി 2024-25 പ്രകാരം ആർ.ഒ.പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു (തുക6,15,139/- രൂപ).<br><br>5. കുണ്ടറ നിയമസഭാ മണ്ഡലത്തിലെ ആശുപത്രികൾക്ക് ശ്രീമതി മേഴ്സികുട്ടി അമ്മ മുൻ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങി വിതരണം പൂർത്തിയായി .<br><br>6. ഇളമ്പള്ളൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി അമ്പിപൊയ്ക സബ്സെന്ററിന്റെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി ആശുപത്രിയുടെ മെയിന്റെനൻസ് പ്രവർത്തനം നടന്നു വരുന്നു .<br><br>7. പേരയം കുടുംബാരോഗ്യ കേന്ദ്രത്തിന് ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ എം.പി.യുടെ പ്രാദേശിക വികസന ഫണ്ട് |

| | | | |
|---|---|---|---|
| | | | 2021-22 പ്രകാരം ആംബുലൻസ് വാങ്ങി നൽകിയിട്ടുണ്ട് (തുക 11,90,559/-)<br><br>8. നെടുമ്പന സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഹെൽത്ത് ഗ്രാന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നൂതന ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഐസൊലേഷൻ വാർഡ് നിർമ്മാണം പൂർത്തിയായി കൈമാറി. ലാബ് വെയ്റ്റിംഗ് ഏരിയായുടെ ഉദ്ഘാടനം കഴിഞ്ഞു.<br><br>എൻ.എച്ച്.എം മുഖേനയുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | അവയുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (ബി) | ഉത്തരം (എ) പിരിവിൽ കണ്ടാലും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | സ്ഥാപനം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷം രൂപയിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | സി.എച്ച്. സി. നെടുമ്പന | സാമൂഹികാരോഗ്യകേന്ദ്രത്തെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 37.5 | 100% പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവർത്തനം ആരംഭിച്ചു |
| 2 | പി. എച്ച്. സി. തൃക്കോവിൽവട്ടം | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 26.16 | 100% പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവർത്തനം ആരംഭിച്ചു |
| 3 | HWC ചെമ്മക്കാട് | സബ് സെന്ററിനെ ജന കീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 7 | 100% പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവർത്തനം ആരംഭിച്ചു |
| 4 | HWC പെരുമ്പുഴ | സബ് സെന്ററിനെ ജനകീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 7 | 100% പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവർത്തനം ആരംഭിച്ചു |
| 5 | HWC അമ്പിപൊയ്ക | സബ് സെന്ററിനെ ജനകീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 7 | 100% പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവർത്തനം ആരംഭിച്ചു |
| 6 | HWC കിഴവൂർ | സബ് സെന്ററിനെ ജനകീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 7 | 100% പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവർത്തനം ആരംഭിച്ചു |
| 7 | HWC തട്ടാർക്കോണം | സബ് സെന്ററിനെ ജനകീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 7 | 100% പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവർത്തനം ആരംഭിച്ചു |
| 8 | HWC മീയണ്ണൂർ | സബ് സെന്ററിനെ ജനകീയ ആരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ | 7 | 100% പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവർത്തനം ആരംഭിച്ചു |

സെക്ഷൻ ഓഫീസർ